പദ്ധതികൾ, സഹകരണ മേഖലയിലെ സർക്കാർ ഓഹരി പങ്കാളിത്തം വായ്പാ നിക്ഷേപ പലിശ നിരക്കുകളിലെ സർക്കാർ ഇടപെടലുകൾ, സഹകരണ ബാങ്കുകളിലെ സർക്കാരിന്റെ വാർഷിക കണക്ക് പരിശോധനയും ഇൻസ്പെക്ഷൻ എന്നിവയിലൂടെ ആർജ്ജിച്ച ജനങ്ങളുടെ വിശ്വാസവും സർക്കാർ പദ്ധതി വിഹിതം ചെലവഴിച്ച് സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ആരോഗ്യ സാമ്പത്തിക സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികളും കേരളത്തിലെ സഹകരണ മേഖലയുടെ വിജയത്തിന് കാരണമാണ്.

(ഡി) കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാനാകില്ലെന്ന റിസർവ് ബാങ്ക് നിർദ്ദേശം സഹകരണ ബാങ്കിംഗ് രംഗത്ത് പുതുതായി പ്രതിസന്ധികളൊന്നും സൃഷ്ടിക്കുമെന്ന് കരുതുന്നില്ല.

**സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്**

313(711) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ/സഹകരണ സംഘങ്ങൾക്കായുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങളായി നിയമനം നടത്തിയവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങളിൽ തെരെഞ്ഞെടുപ്പ് നടത്തി;

(സി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ എത്ര തെരഞ്ഞെടുപ്പുകൾ റദ്ദാക്കി; എത്ര തെരഞ്ഞെടുപ്പുകൾ മാറ്റി വച്ചു;

(ഡി) ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കപ്പെട്ടതും റദ്ദാക്കിയതുമായ സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർമാരായി ശ്രീ. ജി. ജ്യോതിചൂഢൻ, ശ്രീമതി കുമാരി സുധ എസ്. എന്നിവർ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ ശ്രീ. എസ്. എച്ച്. ജയകേശൻ ഈ സ്ഥാനത്ത് തുടർന്നുവരുന്നതുമാണ്. സഹകരണ തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർമാരായി ശ്രീ. സി. വിജയകുമാർ, ശ്രീ. എം. വിജയകുമാർ എന്നിവർ തുടർന്നുവരുന്നു. നിലവിലെ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ 29-8-2017-നും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർമാർ 20-3-2017-നും ചുമതലയേറ്റിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മീഷൻ 22-11-2018 വരെ 7849 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ 2018 നവംബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്ന സംഘങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം 30 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം റദ്ദാക്കുകയും, 22 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 3193, നന്ദിയോട് ക്ഷീരോല്പാദക സഹകരണ സംഘം, പയറ്റുവിള ക്ഷീരോല്പാദക സഹകരണ സംഘം, വാമനപുരം സർവ്വീസ് സഹകരണ ബാങ്ക്, കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്നീ 5 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം മാറ്റിവച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് മാറ്റിവച്ചതിൽ നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 3193, നന്ദിയോട് ക്ഷീരോല്പാദക സഹകരണ സംഘം, കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്നീ സംഘങ്ങളിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപന പ്രകാരം തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തിരുവനന്തപുരം ജില്ലയിൽ, വിശാഖം കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം, കൊച്ചുവേളി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പാലപ്പൂര് ക്ഷീരോല്പാദക സഹകരണ സംഘം, തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.920, മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലാ ഗാർഹിക തൊഴിലാളി ക്ഷേമ സഹകരണ സംഘം, പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നീ 7 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം റദ്ദാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly